"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം. എം. സി. ചട്ടങ്ങൾ പ്രകാരം ശ്രീ. എം. ഇ മോഹനൻ, പ്രൊപ്രൈറ്റർ, ഹൈഗ്രീവ് ഗ്രാനൈറ്റ്സ് മലപ്പുറം, എന്നയാൾ സമർപ്പിച്ച അപ്പീൽ ഹർജി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.658/2026/ID തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:-

1. മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് നൽകിയ 17/02/2025ലെ DOMAL-DMG/3264/2024-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ. എം.ഇ മോഹനൻ സമർപ്പിച്ച അപ്പീൽ അപേക്ഷമലപ്പുറം ജില്ലാ ജിയോളജിസ്റ്റ്ിനെറ 30/01/2026-ലെ DOMAL-DMG/2789/2024-Mനം.കത്ത്
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 15/6/2026 ഡി.എംജി/1495/2026-എം1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ വില്ലേജിൽ റീസർവേ നമ്പർ 155/3, 147/1 ൽപ്പെട്ട 12965 ഹെക്ടർ സ്ഥലത്തുനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി അനുവദിച്ചിട്ടുള്ള ലീസിൻ്റെ കാലാവധി 22/10/2022 തീയതിയിൽ അവസാനിച്ചതിനാൽ ജിയോളജി ഓഫീസ് നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ കാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്ത് നിന്നും അമനുമതി നൽകിയതിന് പുറമേ അവിടെ നിന്നും 826207.33 മെട്രിക് ടൺ കരിങ്കല്ല് അനധികൃതമായി നീക്കം ചെയ്തായി കണക്കാക്കിയിട്ടുള്ളതിൽ കരിങ്കല്ലിൻ്റെ റോയൽറ്റി "വില ഇനത്തിൽ 24970135/- രൂപയും പിഴ ഇനത്തിൽ 500000 ചേർത്ത് 25470135രൂപ ( രണ്ടു കോടി അൻപതിത്താല് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) കുടിശ്ശിഖ ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട് എന്നു അറിയിച്ചുകൊണ്ട് പരാമർശം (1) മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ വില്ലേജിൽ റീസർവേ നമ്പർ 155/1-2, 155/1 ൽപ്പെട്ട സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിച്ചപ്പോൾ 17/02/2025-ൽ അനധികൃത ഖനനത്തിന് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കാത്തതിനാൽ ഡിലേഴ്സ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിച്ച ജിയോളജിസ്റ്റിന്റെ പരാമർശം രണ്ടിലെ കത്തിനെതിരെ പരാമർശം (3) പ്രകാരം ശ്രീ. എം. ഇ മോഹനൻ, പ്രൊപ്രൈറ്റർ, ഹൈഗ്രീവ് ഗ്രാനൈറ്റ്സ് മലപ്പുറം സമർപ്പിച്ച അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 16/06/2026-ന് നേരിൽ കേട്ടു.

2. അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

അപ്പീൽ കക്ഷിക്ക് അനധികൃത ഖനനത്തിന് 2,54,70,135/-രൂപ പെനാൽറ്റി നിശ്ചയിച്ചു കൊണ്ട് 17/02/2025-ൽ ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെ എതിർത്ത് കൊണ്ട് കക്ഷി W.P.(c) No.8894/2025 ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും അതിൻ പ്രകാരം ടി ഡിമാന്റ് നോട്ടീസിനെതിരെ സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എം.എം.സി ചട്ടം 51(2) പ്രകാരം കുടിശ്ശിക നിലനിൽക്കുകയാണെങ്കിൽ മിനറൽ കൺസഷനുമായി ബന്ധപ്പെട്ട് അനുമതി നല്കുവാനോ പുതുക്കി നല്കുവാനോ പാടില്ലെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഡീലേഴ്സ് ലൈസൻസ് നല്കുന്നത് കെ.എം.എം.സി ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ല.ഡീലേഴ്സ് ലൈസൻസ് നല്കുന്നതും പുതുക്കി നല്കുന്നതും KMPIST ചട്ടം പ്രകാരമാണ്. KMPIST ചട്ടം 13(4) പ്രകാരം കുറ്റം convict ചെയ്താൽ മാത്രമെ ലൈസൻസ് നിരസിക്കുവാൻ കഴിയുകയുള്ളൂ. conviction നല്കുവാൻ കോടതിക്ക് മാത്രമെ അധികാരമുള്ളൂ. ഈ കേസിൽ കോടതി ശിക്ഷ വിധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അനധികൃത ഖനനത്തിന് കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണം പറഞ്ഞ് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിച്ച ജിയോളജിസ്റ്റിന്റെ നടപടി നിയമപരമായി നില നില്ക്കുകയില്ലെന്നും ഡീലേഴ്സ് ലൈസൻസ് നല്കുന്നതിന് വേണ്ട നിർദ്ദേശം ജിയോളജിസ്റ്റിന് നല്കണമെന്നും ആവശ്യപ്പെട്ടു.

3. ഡി.എം.ജി ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ റീ സർവ്വേ നമ്പർ 155/3,147/1 ൽ പ്പെട്ട 1.2965 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി 05.10.2017 തീയതിയിലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 412/2017-18/6374/M3/2015/DMG നമ്പർ ഉത്തരവായി ശ്രീ. എം.ഇ മോഹനൻ, പ്രൊപ്രൈറ്റർ, ഹൈഗ്രിപ്പ് ഗ്രാനൈറ്റ്സ്, ഈസ്റ്റ് വാഴയൂർ പോസ്റ്റ്, മലപ്പുറം - 673632 എന്ന വ്യക്തിക്ക് ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നതാണ്. ലീസിന്റെ കാലാവധി 22.10.2022 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണ്. ടി ക്വാറിയിൽ നിന്നും ഖനനം ചെയ്ത് നീക്കിയ കരിങ്കല്ലിന്റെ കുടിശ്ശിക ഉണ്ടെങ്കിൽ ആയത് 25.08.2023 തീയതിയിലെ സ.ഉ (കൈ) നം. 61/2023/ID നമ്പർ ഉത്തരവ് പ്രകാരമുള്ള അദാലത്തിൽ ഉൾപ്പെടുത്തി തീർപ്പ് കൽപ്പിക്കുന്നതിനായി ടിയാൻ ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ക്വാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്ത് നിന്നും, ആയതിന് പുറമേ നിന്നും ഖനനം ചെയ്തു നീക്കിയ ധാതുവിന്റെ അളവ് തിട്ടപ്പെടുത്തിയ പ്ളാനും സ്കെച്ചും ഡിപ്പാർട്ട്മെന്റ് സർവെയർ 10.06.2024 തീയതിയിൽ ഹാജരാക്കിയിരുന്നു. ടി പ്ളാനിന്റെയും സ്കെച്ചിന്റെയും 15.10.2024 തീയതയിൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ ടി ക്വാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്ത് നിന്നും ആയതിന് പുറമേ നിന്നുമായി 826207.33 മെട്രിക് ടൺ കരിങ്കല്ല് അനധികൃതമായി നീക്കം ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ സ.ഉ (കൈ) നം.61/2023/10 നമ്പർ ഉത്തരവ് പ്രകാരമുള്ള അദാലത്ത് പ്രകാരം അനധികൃതമായി നീക്കം ചെയ്ത കരിങ്കല്ലിന്റെ റോയൽറ്റി, വില പിഴ ഇനത്തിൽ ആകെ 2,54,70,135/- രൂപ (രണ്ടു കോടി അൻപത്തിനാല് ലക്ഷത്തി എഴുപതിനായിരത്തി ഒരുനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) കുടിശ്ശിക ഇനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതായി അറിയിച്ച് അപേക്ഷകന് 17.02.2025 തീയതിയിൽ DOMAL-DMG//3264/2024-M നമ്പരായി ഡിമാന്റ് നോട്ടീസ് നല്കിയിരുന്നു. പ്രസ്തുത ഡിമാന്റ് തുക നാളിതുവരെയായി

അടവാക്കിയതായി കാണുന്നില്ലാത്തതാണ്. കൂടാതെ അപേക്ഷകൻ ഡിമാന്റ് നോട്ടീസിലുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ W.P (C) No.8894/2025 ആയി റിട്ട് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡിമാന്റ് നോട്ടീസ് തടഞ്ഞുകൊണ്ട് ബഹു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതാണ്.

ആയതിന് പുറമേ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ വില്ലേജിലെ റീ സർവ്വേ നം.155/1-2,155/1 ൽപ്പെട്ട സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കി ലഭിക്കുന്നതിനായി 04.10.2025 തീയതിയിൽ ശ്രീ. എം.ഇ മോഹനൻ, പ്രൊപ്രൈറ്റർ ഹൈഗ്രിപ്പ് ഗ്രാനൈറ്റ്സ് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ 23.10.2025 തീയതിയിൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ഡി.എൽ അനുവദിച്ച സ്ഥലത്തിന് പുറത്ത് ഉദ്ദേശം 224 മെ.ടൺ കരിങ്കല്ല് അനധികൃതമായി സ്റ്റോക്ക് ചെയ്തതായി കാണപ്പെട്ടിട്ടുണ്ട്. ആയതിന്റെ റോയൽറ്റിയും വിലയും പിഴയും സർക്കാരിലേയ്ക്ക് ഈടാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ & 2023 കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 51 (2) പ്രകാരം അപേക്ഷകന്റെ പേരിലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ടി ഡീലേഴ്സ് ലൈസൻസ് അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന വിവരം അറിയിച്ച് 30.01.2026 തീയതിയിൽ അപേക്ഷകന് കത്ത് നൽകിയിട്ടുള്ളതാണ്. ടി സാഹചര്യത്തിലാണ് അപേക്ഷകൻ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. ആയതിന് സർക്കാർ തലത്തിൽ ഉത്തരവുണ്ടാകേണ്ടതാണ് എന്നും പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

4.അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിന്റെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ക്വാറിയിംഗ് ലീസ്, ക്വാറിയിംഗ് പെർമിറ്റ് എന്നിങ്ങനെ രണ്ടു തരത്തിലുള്ള മിനറൽ കൺസഷൻ ആണ് നല്കുന്നത്. ആയതു പ്രകാരമല്ല ഡീലേഴ്സ് ലൈസൻസ് നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഡീലേഴ്സ് ലൈസൻസ് നല്കുന്നത് /പുതുക്കുന്നത് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത് 2015 ലെ കേരള മിനറൽസ് (പ്രിവെൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലാണ്. കുടിശ്ശിക നിലനിൽക്കുകയാണെങ്കിൽ അനുമതി നല്കുവാൻ പാടില്ലെന്ന് പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ കെ.എം.എം.സി ചട്ടം പ്രകാരം അനധികൃത ഖനനത്തിന് പെനാൽറ്റി നിർണ്ണയിച്ച് 17/02/2025-ൽ ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിലുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനെതിരെ അപേക്ഷകൻ ബഹു. കേരള ഹൈക്കോടതിയിൽ W.P (C) No.8894/2025 ആയി റിട്ട് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡിമാന്റ് നോട്ടീസ് തടഞ്ഞു കൊണ്ട് ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതാണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിന്റെ വാദങ്ങളിൽ കഴമ്പുള്ളതായി കാണുന്നു. ടി സാഹചര്യത്തിൽ അനധികൃത കുടിശ്ശിക നിലനിൽക്കുന്നുവെന്നുള്ള കാരണത്താൽ ഡിലേഴ്സ് ലൈസൻസ് പുതുക്കി നല്കുന്നതിന് കക്ഷി നല്കിയ അപേക്ഷ നിരസിച്ച ജിയോളജിസ്റ്റിന്റെ നടപടി ക്രമപ്രകാരമല്ലെന്ന് കാണുന്നു. അതിനാൽ അപ്പീൽ കക്ഷി ഡീലേഴ്സ് ലൈസൻസ് പുതുക്കി നല്കുന്നതിന് സമർപ്പിച്ച അപേക്ഷ

പുന.പരിശോധിച്ച് അപ്പീൽ കക്ഷി മറ്റു തരത്തിൽ യോഗ്യനാണെങ്കിൽ ഡീലേഴ്സ് ലൈസൻസ് പുതുക്കി നല്കുന്നതിനു വേണ്ട അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കികൊണ്ട് ശ്രീ. എം. ഇ മോഹനൻ, പ്രൊപ്രൈറ്റർ, ഹൈഗ്രീവ് ഗ്രാനൈറ്റ്സ് മലപ്പുറം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ. എം. ഇ മോഹനൻ, പ്രൊപ്രൈറ്റർ, ഹൈഗ്രീവ് ഗ്രാനൈറ്റ്സ് മലപ്പുറം, 673633

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്,മലപ്പുറം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/176/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 18-06-2026 11:25:50